**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6459** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം,വിവര ശേഖരണം, കാലാവസ്ഥ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര, സംസ്ഥാന ദുരന്ത പ്രതികരണ സേനകളുടേയും മറ്റ് ഏജൻസികളുടേയും ഏകോപനം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഘരണം, കേന്ദ്ര ദുരന്ത നിവാരണ പ്ലാൻ പ്രകാരം ലഭ്യമാകുന്ന കാലാവസ്ഥ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൃത്യമായി നിർവഹിച്ച വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നു. വകുപ്പുകളുടെ പൊതുപദ്ധതിയിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ദുരന്ത ലഘൂകരണം എന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിനായി എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു virtual cadre രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പതിനാല് ജില്ലയിലും ഒരോരുത്തരും ഒരാൾ അതാത് വകുപ്പിന്റെ സംസ്ഥാന കാര്യാലയത്തിലും ആണ് പ്രവർത്തിക്കേണ്ടത്. എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം, സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ച വരുന്നു. ദുരന്ത നിവാരണ നിയമം, 2005 പ്രകാരം തയ്യാറാക്കിയിട്ടുള്ള കേന്ദ്ര |

| | | | |
|---|---|---|---|
| | | | ദുരന്ത നിവാരണ പദ്ധതി 2016 Section 4.3 അനുസരിച്ച് വിവിധ കേന്ദ്ര സ്ഥാപനങ്ങളെ ദുരന്ത മുന്നറിയിപ്പിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്ര സ്ഥാപനങ്ങൾ നൽകുന്ന മുന്നറിയിപ്പിന്റെ തീവ്രത അനുസരിച്ച് പ്രതികരണ പ്രവർത്തനം ഏകോപിപ്പിക്കുക എന്നതാണ് പ്രധാനമായും സംസ്ഥാന അതോറിറ്റിയിൽ നിക്ഷിപ്തമായ ചുമതല. ഇതിന് ആവശ്യമായ വിവര സംവേദന സംവിധാനം സ്ഥാപിച്ചു വരുന്നു. സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതു സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ (State Emergency Operations Centre) ഒരു സമ്പൂർണ്ണ തീരുമാന സഹായ സംവിധാനം (Decision Support System) കെൽട്രോണിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. മുന്നറിയിപ്പ് ജനങ്ങളിലേക്ക് എത്തിക്കാനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേഗത വർദ്ധിപ്പിക്കുന്നതിനുമായി National Cyclone Risk Mitigation Projectന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സംസ്ഥാനത്ത് സ്ഥാപിച്ചു വരികയാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന സുരക്ഷയാനം മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ നിർണ്ണായകമാകും. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യം ഉണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ നിർദേശം നൽകുന്ന ഓറഞ്ച് ബുക്ക് പുറത്തിറക്കിയിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ട വിധവും ഓരോ മുന്നറിയിപ്പ് അനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ഇതിൽ ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഓറഞ്ച് പുസ്തകത്തിന്റെ 2021 ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക ആസ്ഥാനം (Regional Response Centre) നിർമ്മിക്കുവാൻ കൊച്ചിയിൽ 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. NDRF പ്രാദേശിക ആസ്ഥാനം സ്ഥാപിച്ചു കഴിഞ്ഞാൽ സേനകളുടെ ഏകോപനവും ദുരന്ത സമയങ്ങളിലുള്ള വിന്യാസവും കൂടുതൽ സുഗമവും വേഗത്തിലുമാക്കുന്നതിന് സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | പ്രകൃതി ദുരന്തത്തിലും കാലവർഷക്കെടുതിയിലും ജീവനും സ്വത്തിനും നാശം സംഭവിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും അർഹമായ നഷ്ട പരിഹാരം സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. പ്രകൃതി ദുരന്തങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിക്കാറുണ്ട്. കൂടാതെ, വീടും സ്വത്ത് വകകളും നഷ്ടപ്പെട്ടവർക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. 2021 ഒക്ടോബറിൽ തീവ്രമഴ മൂലം നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 29.10.2021ലെ സ.ഉ(കൈ)നം.5/2021-ദുനിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്കും ജീവൻ നഷ്ടപ്പെട്ടവരുടെ അവകാശികൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ